DESPATCHED
On. 14/2/22

9/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1628(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 14522/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 9**

ശ്രീ.ആർ. സിദ്ധാർത്ഥൻ,
കമല നിവാസ് പ്രായിൽ,
സി.എം.സി – 12,
ചേർത്തല പി.ഒ., ആലപ്പുഴ. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി ടൗൺ പ്ലാനർ (വിജിലൻസ്),
തദ്ദേശസ്വയംഭരണ വകുപ്പ് (വിജിലൻസ് വിംഗ്),
5–ാം നില, സ്വരാജ് ഭവൻ,
തിരുവനന്തപുരം.

2) അപ്പീൽ അധികാരി &
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്),
തദ്ദേശസ്വയംഭരണ വകുപ്പ്,
5–ാം നില, സ്വരാജ് ഭവൻ,
തിരുവനന്തപുരം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 26/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 10/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 16/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16/09/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 05/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 09/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/11/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 08/02/2022 –വീഡിയോ/ ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ആർ. സിദ്ധാർത്ഥൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ 26.07.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും 16.8.2021–ന് സമർപ്പിച്ച അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭിച്ചിട്ടില്ലെന്നും ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും/രേഖകളും നൽകാതിരുന്ന എതിർകക്ഷികൾക്കെതിരെ

വിവരാവകാശ നിയമപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കണമെന്നും, അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നുമാണ്.

2. 26.07.2021 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാൻ 18.2.2021-ന് അയച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ടും, റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ ശരിപ്പകർപ്പും നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 10.08.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടി പരാതി വിജിലൻസ് വിംഗിൽ ലഭിച്ചിട്ടുള്ളതും ആയത് CTPVIG/148/21 നമ്പറായി രേഖപ്പെടുത്തിയിട്ടുള്ളതും പരാതി അന്വേഷണ ഘട്ടത്തിലുമാണെന്നും അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണെന്നും ടി റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ സർക്കാർ തലത്തിലാണ് സ്വീകരിക്കുന്നതെന്നുമാണ്.

4. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ 16.8.2021-ന് അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 16.09.2021 തീയതി രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട പ്രസ്തുത പരാതി അന്വേഷണഘട്ടത്തിലാണെന്നും അന്വേഷണം പൂർത്തിയാക്കുന്ന മുറയ്ക്ക് അന്വേഷണ റിപ്പോർട്ടുകൾ അംഗീകാരത്തിനും തുടർനടപടികൾക്കുമായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണെന്നും പ്രസ്തുത റിപ്പോർട്ടിൻമേലുള്ള തുടർനടപടികൾ സർക്കാർ തലത്തിലാണ് സ്വീകരിക്കുന്നതെന്നും അന്വേഷണ റിപ്പോർട്ടിന്റെ അസ്സലും, ബന്ധപ്പെട്ട വിവരങ്ങളും സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ആയതിന്റെ പകർപ്പും ബന്ധപ്പെട്ട വിവരങ്ങളും ലഭ്യമാക്കുന്നതിന് അപേക്ഷ തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകുന്നതാണെന്നും വിജിലൻസ് വിംഗ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഒരു സാങ്കേതിക വിഭാഗമാണെന്നും വിജിലൻസ് വിംഗിൽ ലഭിക്കുന്ന പരാതികളിന്മേൽ റിപ്പോർട്ടിനായുള്ള നമ്പറിട്ട് പരിശോധനയ്ക്ക് ശേഷം റിപ്പോർട്ട് തയ്യാറാക്കി സർക്കാർ തീരുമാനത്തിന് സെക്രട്ടേറിയറ്റിലെ തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിക്കുകയാണ് ചെയ്യുന്നതെന്നും സാങ്കേതിക വിഭാഗമായ വിജിലൻസ് വിംഗിൽ ഭരണവിഭാഗം ഇല്ലാത്തതിനാൽ വിംഗിൽ നേരിട്ട് ലഭിക്കുന്ന പരാതികൾക്കായി പ്രത്യേക ഫയലോ ഫയൽ നോട്ടോ, കറസ്പോണ്ടൻസ് ഷീറ്റോ ഇല്ലാത്തതാണെന്നും പരാതികളിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിച്ച ശേഷം സെക്രട്ടേറിയറ്റിൽ തദ്ദേശ സ്വയംഭരണ ആർ.എ./ആർ.ബി സെക്ഷനുകളിലാണ് ഫയലാക്കി നമ്പറിടുന്നതെന്നും ചീഫ് ടൗൺ പ്ലാനർ (വിജി.) സമർപ്പിക്കുന്ന റിപ്പോർട്ടിൽ

സർക്കാർ തീരുമാനം എടുക്കുന്ന മുറയ്ക്ക് മാത്രമെ അന്വേഷണ റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം കൊടുക്കേണ്ടതുള്ളു എന്ന് അഡീഷണൽ ചീഫ് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതാണെന്നും ടി സാഹചര്യത്തിലാണ് എസ്.പി.ഐ.ഒ. 10.08.2021 തീയതി മറുപടി നൽകിയതെന്നുമാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, തദ്ദേശസ്വയംഭരണ വിജിലൻസ് വിംഗ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഒരു സാങ്കേതിക വിഭാഗം മാത്രമാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് വിജിലൻസ് സെല്ലിൽ ലഭിയ്ക്കുന്ന പരാതികൾ താത്ക്കാലിക നമ്പർ രേഖപ്പെടുത്തി അന്വേഷണം, സ്ഥലപരിശോധന എന്നിവയ്ക്ക് ശേഷം തയ്യാറാക്കുന്ന റിപ്പോർട്ട് പരാതി ഉൾപ്പെടെ കുറിപ്പായി ഭരണവിഭാഗത്തിന് (തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി, സെക്രട്ടേറിയറ്റ്) നൽകുകയും അവിടെ നിന്നും ഫയലാക്കി റിപ്പോർട്ടിന്മേലുള്ള തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നു എന്നും സാങ്കേതിക വിഭാഗം മാത്രമുള്ള വിജിലൻസ് സെല്ലിൽ നിന്നും ഫയൽ നോട്ടിന്റെ ഒരു ഭാഗം മാത്രമാണ് തയ്യാറാക്കുന്നത് എന്നും ഫയൽ ആരംഭിക്കുന്നതും അന്വേഷണ റിപ്പോർട്ടിൽ തുടർനടപടി സ്വീകരിക്കുന്നതും ഓഫീസിന്റെ ഭരണ വിഭാഗം പ്രവർത്തിയ്ക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പ് വിജിലൻസ് വിംഗ് സെക്രട്ടേറിയറ്റിലാണെന്നും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജി.) സമർപ്പിക്കുന്ന റിപ്പോർട്ടിൽ സർക്കാർ തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമെ അന്വേഷണ റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം നൽകേണ്ടതുള്ളു എന്ന് 10.1.2018 തീയതിയിലെ ത.സ്വ.ഭ.വ.ആർ.എ2/126/2017/തസ്വഭവ നമ്പർ സർക്കാർ കത്ത് പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് ടൗൺ പ്ലാനർക്ക് (വിജിലൻസ്) നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരവുമായി ബന്ധപ്പെട്ട പരാതി അന്വേഷണ ഘട്ടത്തിലായതുകൊണ്ടാണ് വിവരം നൽകാൻ എതിർകക്ഷികൾക്ക് കഴിയാതിരുന്നതെന്നും ടി പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് തുടർനടപടികൾക്കായി 30.9.2021-ന് തദ്ദേശ സ്വയംഭരണ വകുപ്പ് വിജിലൻസ് വിംഗിന്റെ ഭരണവിഭാഗമായ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (ആർ.എ.) സെക്ഷനിലേക്ക് നൽകിയിട്ടുള്ളതാണെന്നും കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പിലേക്ക് അയച്ച ശേഷവും ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പിലെ

എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു കൊടുത്ത് ഹർജിക്കാരൻ ആവശ്യപ്പെട്ട റിപ്പോർട്ട് ലഭിക്കാൻ നടപടി സ്വീകരിക്കുകയോ റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നേരിട്ട് അയച്ചു കൊടുക്കുകയോ ഒന്നാം എതിർകക്ഷി ചെയ്തതായി കാണുന്നില്ല. ടി വീഴ്ചകൾ വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ ഒന്നാം എതിർകക്ഷിയ്ക്കെതിരെ ടി വകുപ്പ് പ്രകാരം ശിക്ഷാനടപടി സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് 21.2.2022-നകം കമ്മീഷനെ ബോധ്യപ്പെടുത്താൻ ആവശ്യപ്പെട്ടുകൊണ്ട് കമ്മീഷൻ സെക്രട്ടറി ഒന്നാം എതിർകക്ഷിയ്ക്ക് കാരണം കാണിയ്ക്കൽ നോട്ടീസ് നൽകേണ്ടതാണ്.

7. നാളിതുവരെ ഹർജിക്കാരൻ ആവശ്യപ്പെട്ട അന്വേഷണ റിപ്പോർട്ട് നൽകിയിട്ടില്ല എന്ന് കാണുന്നതിനാൽ ടി അന്വേഷണ റിപ്പോർട്ട് അടിയന്തിരമായി ഹർജിക്കാരന് ലഭ്യമാക്കി നടപടിവിവരം മേൽ പരാമർശിച്ച കാരണം കാണിയ്ക്കൽ നോട്ടീസിനുള്ള വിശദീകരണത്തോടൊപ്പം ഒന്നാം എതിർകക്ഷി കമ്മീഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 ഫെബ്രുവരി 9-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി